**കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2792 — 20.06.2013 ലെ മറുപടിക്ക്

<u>കൈവശഭൂമിക്ക് പട്ടയം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റാന്നി താലൂക്കിലെ അത്തിക്കയം - മടന്തമൺ തെക്കേത്തൊട്ടയിൽ എത്ര കുടുംബങ്ങൾക്കാണ് കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) 117 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. |
| (ബി) ഈ സ്ഥലത്ത് ജോയിന്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പൂർത്തീകരിച്ചത്; | (ബി) 2004 ൽ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥലത്തെ ആളുകൾക്ക് പട്ടയം നൽകുന്നതിന് സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കൈവശ സ്ഥലവും, ലിസ്റ്റിൽ രേഖപ്പെടുത്തിയ സ്ഥലവും ഒന്നുതന്നെയെന്ന് പരിശോധിച്ച് അളന്നു തിട്ടപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര പേരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ ഭൂമി സർവ്വെ ചെയ്യുന്നതിനായി 20 സർവെയർമാരെ ഉൾപ്പെടുത്തി ജില്ലാ സൂപ്രണ്ട് നോഡൽ ഓഫീസറായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) കൂടുതൽ ആളുകളെ ഇതിനായി ചുമതലപ്പെടുത്തുകയും, സമയബന്ധിതമായി റിക്കാർഡുകൾ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) പത്തനംതിട്ട ജില്ലയിൽ 01.01.1977 ന് മുമ്പുള്ള വനഭൂമി കടിയേറ്റക്കാർക്ക് പട്ടയം നൽകുന്ന പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി 1993 ലെ ഭൂപതിവ് ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് റാന്നി കേന്ദ്രമാക്കി ഒരു പ്രത്യേക ഭൂമി പതിവ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ